L6-4

**TB242519D**

Reg. No :..............................

Name :..................................

B Com

**BACHELOR'S DEGREE (C.B.C.S) EXAMINATION, MARCH 2024**

**2023 ADMISSIONS REGULAR**

**SEMESTER II - COMMON COURSE 2**

**MA2A04B23 - Athmakatha, Lekhanam**

**Time : 3hrs Hours** **Maximum Marks : 80**

## Part A

**I. അരപ്പുറത്തിൽ കവിയാതെ (50 വാക്ക് ) ഏതെങ്കിലും പത്തുചോദ്യത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 മാർക്ക് വീതം .** **(10x2=20)**

1. 'കാലപ്പഴക്കംകൊണ്ട് കറുത്തുപോയ മരപ്പാവ'യാണ് തനിയ്ക്കുവേണ്ടതെന്ന് ശാരദക്കുട്ടി പറയാൻ കാരണമെന്ത്?
2. ' ഉള്ളിൻറെ ആർദ്രതയാണ് മുഖത്തിൻറെ തിളക്കം'-വിവക്ഷിതമെന്ത്?
3. 'ഓർക്കാപ്പുറത്തൊരിടിവെട്ടുംപോലെ ബ്രഹ്മാണ്ഡകടാഹങ്ങൾ ഇടിഞ്ഞുവീഴുംപോലെ'എന്ന് അന്തർജ്ജനം വിശേഷിപ്പിക്കുന്നതെന്തിനെ?
4. 'ശിവാജിഗണേശൻ വാത്സല്യപൂർവ്വം ഉത്സാഹിപ്പിച്ചു'-സന്ദർഭമെഴുതി വിവരിക്കുക.
5. 'അതു പിന്നീട് ഭാഷാകലാപത്തിൽ എത്തുകയും ചെയ്തു'-ഏത്?
6. സ്ത്രീനാടകവേദിയുടെ രണ്ടാം ഘട്ടത്തിൻറെ മുഖ്യസവിശേഷതയെന്ത് ?
7. ഇന്ത്യയിൽ നാടകരംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം ഗണ്യമായി വർദ്ധിക്കാനിടയായതെങ്ങനെ?
8. പൊതുനിവേദനത്തിൻറെ ഘടന എന്ത് ? വിവരിക്കുക
9. 'കണ്ടൽക്കാടുകൾക്കിടയിൽ എൻറെ ജീവിതം' എന്ന പുസ്തകം കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ എന്തെല്ലാം?
10. പൊക്കുടൻ എന്ന പേരിൻറെ ഉല്പത്തി വിശദമാക്കുക
11. നീർനായയുടെ സവിശേഷതകൾ പൊക്കുടൻ രേഖപ്പെടുത്തുന്നത് എങ്ങനെ ?
12. ക്ഷേത്രദർശനത്തെക്കുറിച്ച് പൊക്കുടൻ വിവരിക്കുന്നത് എന്തെല്ലാം?

ST. ... S COLLEGE LIBRARY ERNAKULAM

## Part B

**II. ഒന്നരപ്പുറത്തിൽ കവിയാതെ (150 വാക്ക് ) ഏതെങ്കിലും ആറുചോദ്യത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 5 മാർക്ക് വീതം .** **(6x5=30)**

13. 'ഉത്തുംഗസ്നേഹഗോപുരം' എന്ന ലേഖനത്തിൻറെ പ്രസക്തി വിലയിരുത്തുക.
14. 'ശിവാജിഗണേശൻറെ ജീവിതവും അഭിനയവും '- നിങ്ങൾ ഗ്രഹിച്ച കാര്യങ്ങൾ വിശദമാക്കുക.
15. ഇന്ത്യൻ സ്ത്രീനാടകവേദിയ്ക്ക് സ്ത്രീനാടകപ്രവർത്തകർ നൽകിയ സംഭാവനകൾ വിലയിരുത്തുക.
16. വ്യക്തിസ്വത്വവും ഭാഷയും തമ്മിലുള്ള ബന്ധം നിങ്ങൾ എങ്ങനെ തിരിച്ചറിയും?
17. ജോലിക്കുള്ള അപേക്ഷയുടെ പൊതുരൂപമെന്ത് ? വിശദമാക്കുക
18. 'കണ്ടൽക്കാടുകൾക്കിടയിൽ എൻറെ ജീവിതം' എന്ന പുസ്തകത്തിൻറെ സവിശേഷതകൾ എന്തെല്ലാം? വിവരിക്കുക.
19. ആത്മകഥ എന്ന രീതിയിൽ 'കണ്ടൽക്കാടുകൾക്കിടയിൽ എൻറെ ജീവിതം' എന്ന രചന വേറിട്ട് നിൽക്കുന്നത് എങ്ങനെ?
20. പുഴ മൽസ്യത്തിൻറെ ഔഷധഗുണങ്ങൾ പൊക്കുടൻ രേഖപ്പെടുത്തുന്നത് എന്തെല്ലാം?

21. "അവശേഷിക്കുന്ന ഈ കാടിൻറെ പച്ചപ്പും ചതുപ്പിൻറെ മണവും ഉപ്പുകാറ്റുമാണ് എനിക്ക് ജീവിതം "- ആർക്ക് ? വിശദമാക്കുക

**Part C**

**III. നാലുപുറത്തിൽ കവിയാതെ (400 വാക്ക് ) ഏതെങ്കിലും രണ്ടുചോദ്യത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 15 മാർക്ക് വീതം .** **(2x15=30)**

22. ഊർമ്മിള ,സീത- ഈ രണ്ടു സ്ത്രീകഥാപാത്രങ്ങളെ നിങ്ങൾ എങ്ങനെ പരിചയപ്പെടുത്തും?

23. ഇന്ത്യൻ സ്ത്രീനാടകവേദിയെയും ഇന്ത്യയിലെ സ്ത്രീനാടകപ്രവർത്തകരെയും നിങ്ങൾ എങ്ങനെ പരിചയപ്പെടുത്തും?

24. വർധിച്ചുവരുന്ന പാൻമസാല കച്ചവടം നിരോധിക്കണം എന്നാവശ്യപ്പെട്ട് ജില്ലാകളക്ടർക്ക് നിവേദനം തയ്യാറാക്കുക

25. പരിസ്ഥിതി മാത്രമല്ല അക്കാലഘട്ടത്തിലെ സംസ്കാരവും 'കണ്ടൽക്കാടുകൾക്കിടയിൽ എൻറെ ജീവിതം' എന്ന കൃതിയിൽ ഉണ്ട്- പ്രസ്താവന വിലയിരുത്തുക.